Malappuram District Police

## 09.10.2017 കരിപ്പൂർ

കസ്റ്റംസ് ഇൻസ്പെക്ടറെ വീട്ടിൽക്കയറി മർദിച്ച് മോഷണം നടത്തുകയും ബ്ലാക്ക്മെയിൽ ചെയ്യാൻ ശ്രമിക്കുകയും ചെയ്ത സംഘത്തിലെ മൂന്ന്പേർ പിടിയിൽ. കരിപ്പൂര് സ്വദേശികളായ പുതിയറക്കൽ ഷമിം (27), ഉണ്യാൽപറമ്പ് ഷനൂഫ് (25), കോഴിപ്പുറം സൈതലവി(30) എന്നിവരെയാണ് കരിപ്പൂർ പോലീസ് പിടികൂടിയത്. കേസിൽ ഉൾപ്പെട്ട കരിപ്പൂര് സ്വദേശികളായ ഉമീർ, നൗഫൽ, മനാഫ്, സദ്ദാം, മർവാൻ എന്നിവര് ഒളിവിലാണ്. സെപ്റ്റംബർ 10-ന് രാത്രി ഒരുമണിയോടെ കസ്റ്റംസ് ഇൻസ്പെക്ടറുടെ വിമാനത്താവളത്തിനടുത്ത ക്വാർട്ടേഴ്സിലാണ് പ്രതികൾ അക്രമം കാണിച്ചത്. വ്യാജ ആരോപണമുന്നയിച്ച് വീട്ടിലേക്ക് കടന്നുകയറിയ പ്രതികൾ ഇൻസ്പെക്ടറെ മർദിക്കുകയും 12,000 രൂപ അപഹരിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തെന്നാണ് പരാതി. വിമാനത്താവളത്തിൽ കള്ളക്കടത്തിന് കൂട്ടുനിൽക്കാൻ വേണ്ടി കസ്റ്റംസ് ഉദ്യോഗസ്ഥരെ ബ്ലാക്ക്മെയിൽ ചെയ്യാനായി നടത്തിയ പദ്ധതിയായിരുന്നു ഇതെന്നാണ് അറിവായത്. ഉമീർ ആണ് മുഖ്യസൂത്രധാരൻ. കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം 2013-ൽ സ്വർണക്കടത്തിന് പിടികൂടിയയാളാണ് ഷമിം. ഡി.വൈ.എസ്.പി. ജലീൽ തോട്ടത്തിൽ, സി.ഐ. എം. മുഹമ്മദ് ഹനീഫ എന്നിവരുടെ നേതൃത്വത്തിൽ എസ്.ഐ ഹരികൃഷ്ണൻ, മുഹമ്മദ് ഹനീഫ, മുരളി, എ.എസ്.ഐ. അബ്ദുൽ അസീസ്, സത്യനാഥൻ മനാട്ട്, ശശി എന്നിവരാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ യുവാക്കളെ റിമാന്റ് ചെയ്തു.